(എ) മൂന്നാം പദ്ധതിയിൽ നീക്കിവെച്ചിരുന്ന തുക ഓരോ ഇനത്തിലും എത്ര ചെലവായെന്ന വ്യക്തമാക്കുമോ;

(ബി) അടുത്തവർഷത്തേക്കു് കേരളത്തിനു് ഓരോ ഇനത്തിലും ആകെയും അനുവദിച്ചിട്ടുള്ള തുക എത്ര;

(സി) പദ്ധതിയുടെ പ്രവർത്തനത്തെ സംബന്ധിച്ചു് അസംബ്ലിയിൽ ഒരു ചർച്ച നടത്താൻ ഗവണ്മെന്റു മുൻകൈ എടുക്കുമോ;

(ഡി) ആകെ വ്യവസായിക–കാർഷിക മേഖലകളിൽ പദ്ധതി കാലയളവിൽ ഉണ്ടായിട്ടുള്ള അഭിവൃദ്ധിയുടെ നില എന്താണു്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) മൂന്നാം പദ്ധതിയിൽ സംസ്ഥാന പദ്ധതികൾക്കായി ഓരോ ഇനത്തിലും നീക്കിവെച്ചിട്ടുള്ള തുകയും 1963 ഡിസംബർ അവസാനംവരെ ചെലവായ തുകയും കാണിക്കുന്ന ഒരു സ്റ്റേറ്റുമെന്റു് മേശപ്പുറത്തുവച്ചിട്ടുണ്ടു്. †

(ബി) ഈ വിവരങ്ങൾ സഭയിൽ അവതരിപ്പിക്കുന്ന 1964-65 ലെ ബഡ്ജറ്റിൽനിന്നും ലഭിക്കുന്നതാണു്.

(സി) പദ്ധതിപ്രവർത്തനത്തെ സംബന്ധിച്ചു് ബഡ്ജറ്റു് ചർച്ച ചെയ്യുന്ന അവസരത്തിൽ വിശദമായി ചർച്ച ചെയ്യാവുന്നതാണു്. അതുകൊണ്ടു് പ്രത്യേകമായ നടപടിയൊന്നും ഗവണ്മെന്റു് കൈക്കൊള്ളേണ്ട ആവശ്യമില്ല.

(ഡി) ഈ മേഖലകളിൽ സാമാന്യം തൃപ്തികരമായ പുരോഗതി ഉണ്ടായിട്ടുണ്ടു്.

മി: സ്പീക്കർ: ചോദ്യം 6–നും 21–നുംകൂടി ഉത്തരം പറയാം.

മൂന്നാം പദ്ധതിയുടെ നാലാം വർഷത്തേക്കു് ചെലവാക്കാൻ ഉദ്ദേശിക്കുന്നതുക

* 39. [21] ശ്രീ. കെ. എം. ജോർജ്ജു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാം പദ്ധതി നാലാം വർഷത്തേക്കു് കേരളത്തിനു് എത്ര രൂപയാണു് മൊത്തം ചെലവഴിക്കുവാൻ ലഭിക്കുന്നതു്:

(ബി) ഇതിൽ കേന്ദ്രവിഹിതം എത്ര;

(സി) ഈ നാലാം വർഷം വിദ്യുച്ഛക്തി ഉല്പാദനത്തിനു് എത്രതുക വകയിരുത്തുന്നു; ഓരോ പദ്ധതിക്കും എത്രവീതം?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : (എ, ബി, സി) 1964-65–ലെ ബഡ്ജറ്റിനു് അവസാനരൂപം നൽകിവരുന്നതേയുള്ളു. ആ ബഡ്ജറ്റു് പ്രമാണങ്ങളിൽനിന്നു് ഈ വിവരങ്ങൾ ലഭിക്കുന്നതാണു്.

വികസന പ്രവർത്തനങ്ങൾ.

* 40. [6] ശ്രീ. പി. എസ്. കാർത്തികേയൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

† Appendix I

LIBRARY ARCHIVES Kerala Legislative Assembly